# കൊയിലാണ്ടി നഗരസഭ

☎ Office: 0496 - 2620244, 2620881, Fax: 2620881


H3-1261-11 Date: 20.12.2018.

## ക്വട്ടേഷൻ നോട്ടീസ്

കൊയിലാണ്ടി നഗരസഭയുടെ കീഴിൽ പെരുവട്ടൂരിൽ പ്രവർത്തിക്കുന്ന ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലേക്ക് വിദ്യാർത്ഥികളെ കൊണ്ടുപോകുന്നതിനും കൊണ്ടുവരുന്നതിനും ഉള്ള ആവശ്യത്തിലേക്ക് 2018-19 സാമ്പത്തിക വർഷത്തിൽ (31.03.2019) ടവേര/ഇക്കോ/എയ്സ് മോഡൽ വാഹനം പ്രതിമാസ വാടകയ്ക്ക് നൽകുവാൻ താൽപര്യമുള്ള വാഹന ഉടമകളിൽ നിന്നും മത്സരസ്വഭാവമുള്ള മുദ്രവെച്ച ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം

പ്രൊജക്ട് ഓഫീസർ (നഗരദാരിദ്ര്യലഘൂകരണ വിഭാഗം)
മുൻസിപ്പൽ ഓഫീസ് കൊയിലാണ്ടി

| | |
|---|---|
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയ്യതി | 31.12.18 വൈകുന്നേരം 3 മണി |
| ക്വട്ടേഷൻ തുറക്കുന്ന സമയം | 31.12.18 വൈകുന്നേരം 4 മണി |

**വ്യവസ്ഥകൾ**

1) ഒരു മാസം 750 കിലോമീറ്റർ ദൂരം സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. അധിക നിരക്ക് കണക്കാക്കുന്നത് 3 മാസം ആകെ സഞ്ചരിച്ച ദൂരം ഒരു ബ്ലോക്കായി തിരിച്ച് 2250 കിലോമീറ്റർ അധികരിക്കുമ്പോഴായിരിക്കും. ആയതിന് 750 കിലോമീറ്റർ ദൂരം അധികരിച്ചുള്ള ഓരോ കിലോമീറ്ററിനും ഉള്ള നിരക്ക് പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്.

2) താൽക്കാലികമായി അംഗീകരിക്കപ്പെട്ട കരാറുകാരൻ സ്വന്തം ചെലവിൽ 200 രൂപയുടെ മുദ്രപത്രത്തിൽ ക്വട്ടേഷൻ അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ അന്തിമ കരാർ വെക്കേണ്ടതാണ്.

3) ഇന്ധന ചെലവ്, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, ഡ്രൈവറുടെ ശമ്പളം, ബത്ത, വാഹനത്തിന്റെ ടാക്സ്, ഇൻഷുറൻസ് തുടങ്ങിയ എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്. ആയത് ഉൾപ്പെടെയുള്ള തുകയാണ് ക്വട്ടേഷനിൽ ക്വാട്ട് ചെയ്യേണ്ടത്.

4) വാഹനത്തിന്റെ ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതും ആയതിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

5) ഓഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ 7 ദിവസം മുമ്പ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഓഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും

6) വാഹനം മികച്ച പ്രവർത്തനക്ഷമതയുള്ളതും കാലപ്പഴക്കം 3 വർഷത്തിൽ അധികരിക്കാത്തതുമായിരിക്കണം.

7) കരാറുകാരന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള പാൻ ഉണ്ടായിരിക്കേണ്ടതാണ്.

8) ക്വട്ടേഷൻ അംഗീകരിച്ച് ലഭിക്കുന്ന വ്യക്തി അടങ്കൽ തുകയുടെ 5 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഹാജരാക്കേണ്ടതും കരാർ ലഭിക്കുന്ന തുകയുടെ 1 ശതമാനം ടി ഡി എസ് ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതുമാണ്.

9) ഓഹനം എന്തെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.

10) അവധി ദിനങ്ങൾ ഉൾപ്പെടെ ഏത് ദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.

11) കരാർ സമയത്ത് അംഗീകരിക്കുന്ന നിരക്കിൽ കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധന വിലവർദ്ധനവ് പരിഗണിക്കുന്നതല്ല.

12) ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

13) പെരുവട്ടൂർ ബി ആർ സി യിൽ നിന്നും പുറപ്പെട്ട് പെരുവട്ടൂർ ബി ആർ സി യിൽ തിരിച്ചെത്തുന്ന ദൂരമായിരിക്കും കിലോമീറ്ററ് കണക്കാക്കുന്നതിന് പരിഗണിക്കുക.

14) ക്വട്ടേഷൻ ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകാ ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്.

15) ക്വട്ടേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ കൊയിലാണ്ടി നഗരസഭാ ഓഫീസിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ മെമ്പർ സെക്രട്ടറി ( പ്രൊജക്ട് ഓഫീസർ ) യിൽ നിന്നും അറിയാവുന്നതാണ്.

പ്രൊജക്ട് ഓഫീസർ
കൊയിലാണ്ടി നഗരസഭ.